വരൾച്ചമൂലം ദുരിതം അനുഭവിക്കുന്ന കേര കർഷകരെ സഹായിക്കുന്നതിനുള്ള പരിപാടികൾ

1286 [1934] ശ്രീമതി. കെ. ആർ. ഗൗരി :
ശ്രീ. വി കേശവൻ :
,, പി. സി. തോമസ് കടുത്തുരുത്തി :
,, ടി. കെ. അറുമുഖൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചമൂലം കെടുതി അനുഭവിക്കുന്ന കേര കർഷകരെ സഹായിക്കുന്നതിനു ആവിഷ്കരിച്ചിട്ടുള്ള പരിപാടി എന്തൊക്കെയാണ് ;

(ബി) വരൾച്ച കെടുതിമൂലം ദുരിതമനുഭവിക്കുന്ന കേര കർഷകർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊത്തം എന്തു തുക ചെലവഴിച്ചു ?

ഉത്തരം

(എ) 1983-84 ൽ വരൾച്ചമൂലം ദുരിതമനുഭവിച്ച കേരകർഷകർക്കു കൃഷി പുനരുദ്ധരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(1) 14.323 ലക്ഷം നല്ല ഇനം തെങ്ങിൻ ഒതൈകൾ, തൈ ഒന്നിന് 2 രൂപ 50 പൈസ സബ്സിഡി നിരക്കിൽ വിതരണം ചെയ്ത വകയിൽ 35.81 ലക്ഷം രൂപ ചെലവാക്കി.

(2) വരൾച്ച ബാധിച്ച തെങ്ങിൻ തോപ്പുകളിൽ തെങ്ങൊന്നിനു 2 രൂപ 50 പൈസയ്ക്കുള്ള രാസവളം സൗജന്യമായി നൽകി. ഇപ്രകാരം 28 ലക്ഷം തെങ്ങുകൾക്ക് രാസവളം നൽകിയിട്ടുണ്ട്.

(ബി) 105.69 ലക്ഷം രൂപ ചെലവഴിച്ചു.

മണ്ണു സംരക്ഷണ യൂണിറ്റിന് പ്രത്യേക ഡയറക്ടറേറ്റ്

1287 [1935] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണു സംരക്ഷണ യൂണിറ്റിനുവേണ്ടി ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പശ്ചിമഘട്ട വികസന സ്കീം പ്രകാരമുള്ള മണ്ണ് സംരക്ഷണ ജോലി

1288 [1936] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഉമ്മണ്ണൂർ പഞ്ചായത്തിൽ, പശ്ചിമഘട്ട വികസന സ്കീം പ്രകാരമുള്ള മണ്ണ് സംരക്ഷണ ജോലി കെ.എൽ.ഡി.സി.യെ ഏൽപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly